# വൃത്തി
# Vruthi

THE CLEAN KERALA CONCLAVE **2025**

**ഏപ്രിൽ 9–13**

**കനകക്കുന്ന്,തിരുവനന്തപുരം**

*Clean Lives | Climate Resilience | Circular Economy*

**സംഘാടനം**

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

**ഏകോപനം**

ശുചിത്വമിഷൻ, കേരള സർക്കാർ

**സഹകരണം**

ഹരിതകേരളം മിഷൻ

കേരള ഖരമാലിന്യപരിപാലന പദ്ധതി (KSWMP)

ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (CKCL)

കുടുംബശ്രീ

തൊഴിലുറപ്പുമിഷൻ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)



മികച്ച മാലിന്യസംസ്കരണ
മാതൃകകളുടെ അവതരണങ്ങൾ

---

ശുചിത്വം, കാലാവസ്ഥാ വ്യതിയാന പ്രതിരോധം,
സർക്കുലർ എക്കോണമി എന്നിവയിലുള്ള
കോൺഫറൻസുകൾ, സെമിനാറുകൾ,
ഓപ്പൺ ഫോറം സംസ്ഥാനതല മത്സരങ്ങൾ

---

സംരംഭക ശില്പശാലകൾ

---

നൂതനാശയങ്ങളുടെ അവതരണങ്ങൾ

---

ശുചിത്വ, മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ
പ്രദർശനങ്ങൾ, ലൈവ് ഡെമോൺസ്ട്രേഷനുകൾ,
പാഴ്വസ്തുക്കളിൽ നിന്ന് കലാരൂപങ്ങൾ

---

മികവുറ്റ പ്രവർത്തനങ്ങൾക്കുള്ള
അംഗീകാരങ്ങൾ, അവാർഡുകൾ


---

സാംസ്കാരിക പരിപാടികൾ

---

ഭക്ഷ്യമേള







## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

## എന്താണ് ക്ലീൻ കേരള കോൺക്ലേവ്?

കേരളസർക്കാർ നടപ്പാക്കുന്ന 'മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ' ലക്ഷ്യത്തോട് അടുക്കുകയാണ്. സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമെന്ന പദവിയിലേക്ക് കേരളം നീങ്ങുന്നു. തികച്ചും മൗലികവും സവിശേഷവുമായ പല മാതൃകകളും ഇതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഈ സവിശേഷ മാതൃകകളെയും മാലിന്യ സംസ്കരണരംഗത്തെ നേട്ടങ്ങളെയും സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുക, ശുചിത്വമാലിന്യസംസ്കരണ രംഗങ്ങളിലെ പുതിയ വെല്ലുവിളികളെ അഭിസംബോധന ചെയ്യുക, ശരിയായ ശുചിത്വമാലിന്യസംസ്കരണ രീതികൾ ജനങ്ങളുടെ ജീവിതശൈലിയും സംസ്കാരവുമാക്കി മാറ്റുന്നതിനുള്ള അവബോധം സൃഷ്ടിക്കുക, മാലിന്യ സംരംഭങ്ങളിലൂടെ സർക്കുലർ ഇക്കോണമിയെ ശക്തിപ്പെടുത്തുക, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളെ കാലാവസ്ഥ പ്രതിരോധ ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തുക എന്നിവയാണ് ഈ കോൺക്ലേവിന്റെ പൊതു ലക്ഷ്യങ്ങൾ. സംസ്ഥാനത്ത് 80 ശതമാനം വീടുകളിലും അജൈവ മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറി ശരിയായ രീതികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്രയും വിപുലമായ ജനകീയപ്രവർത്തനം കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്നതിൽ ലോകത്ത് മറ്റെവിടെയെങ്കിലുമുണ്ടോ എന്നത് സംശയമാണ്. കേരളത്തിന്റെ ഈ സവിശേഷതകൾ ശക്തിപ്പെടുത്തുന്നതെങ്ങനെയെന്ന് ഈ സമ്മേളനം ചർച്ച ചെയ്യും. മാലിന്യ സംസ്കരണരംഗത്തെ ലോകത്ത് ഇന്നുള്ള സാങ്കേതിക മുന്നേറ്റങ്ങളും സവിശേഷ മാതൃകകളും അതത് മേഖലകളിലെ വിദഗ്ധർ അവതരിപ്പിക്കും. ജനപ്രതിനിധികൾ, അന്താരാഷ്ട്ര ദേശീയതല വിദഗ്ധർ, നയരൂപകർത്താക്കൾ, സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥർ, സംരംഭകർ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങി വിവിധ മേഖലകളിലുള്ളവർ ഇതിൽ പങ്കെടുക്കും.

# പ്രധാന ലക്ഷ്യങ്ങൾ

മാലിന്യസംസ്കരണത്തിൽ കേരളത്തിന്റെ സവിശേഷ മാതൃകകളും നേട്ടങ്ങളും അവതരിപ്പിക്കുക

മാലിന്യസംസ്കരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നയപരവും പ്രവർത്തനപരവുമായ ഇടപെടലുകൾക്ക് വേദിയൊരുക്കുക

ശുചിത്വ മാലിന്യസംസ്കരണശീലങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കുന്നതിനുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള പ്ലാറ്റ്ഫോം ഒരുക്കുക

മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളെ കാലാവസ്ഥ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക

മാലിന്യ സംസ്കരണരംഗത്ത് സംരംഭകത്വം വളർത്തുക. മാലിന്യ സംസ്കരണ മേഖലയിൽ സർക്കുലർ എക്കോണമിയുടെ സാധ്യതകൾ ശക്തിപ്പെടുത്തുക

സുസ്ഥിര മാലിന്യസംസ്കരണ രീതികളിൽ നവീനാശയങ്ങൾ കണ്ടെത്തുന്നതിനുള്ള വേദിയൊരുക്കി സംസ്ഥാനത്ത് ഒട്ടാകെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്ക് കൂടുതൽ ഊർജവും ആവേശവും നൽകുക

ദേശീയ അന്തർദേശീയ തലങ്ങളിലെ സംവിധാനങ്ങളുമായുള്ള ഏകോപന സാധ്യതകൾ കണ്ടെത്തുക



# പരിപാടിയുടെ വിശദാംശങ്ങൾ

**തീയതികൾ**

ഏപ്രിൽ 9-13, 2025

**സ്ഥലം**

കനകക്കുന്ന് കൊട്ടാരം, തിരുവനന്തപുരം

**ദൈർഘ്യം**

5 ദിവസം

**ആശയം**

വൃത്തി, സർക്കുലർ എക്കോണമി,
കാലാവസ്ഥ പ്രതിരോധം

# പ്രധാന മേഖലകൾ

1. **സംയോജിത മാലിന്യ സംസ്കരണം**
   ഖര/ദ്രവ മാലിന്യ സംസ്കരണം, ഈ രംഗത്തെ സാങ്കേതികവിദ്യകൾ, വികേന്ദ്രിത രീതികൾ എന്നിവ യിലെ മികച്ച മാതൃകകൾ.


2. **സമ്പദ് വ്യവസ്ഥയും മാലിന്യ സംസ്കരണവും**
   തൊഴിൽ സംരംഭങ്ങളിലൂടെ സമ്പദ് വ്യവസ്ഥ ശക്തിപെടുത്തൽ, പുനരുപയോഗം, മാലിന്യങ്ങളിൽ നിന്ന് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കൽ, ബദൽ ഉത്പന്നങ്ങൾ, മലിനീകരണം കുറയ്ക്കുന്നതിന് സഹായകമായ ഉത്പന്ന രൂപകൽപന എന്നിവയിലെ സംരംഭങ്ങളും പുതിയ ആശയങ്ങളും, ക്ലൈമറ്റ് ആക്ഷൻ, കാർബൺ ന്യൂട്രാലിറ്റി, ഹരിത നയ ഫ്രെയിംവർക്കുകൾ, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ മാലിന്യ സംസ്കരണത്തിനുള്ള പങ്കും പ്രാധാന്യവും, തിരിച്ചറിയലും കണ്ടെത്തലും.


3. **നൂതനാശയങ്ങൾ**
   ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, മെഷീൻ ലേർണിങ്, റോബോട്ടിക്സ് എന്നിവയുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണത്തിന്റെ നൂതനാശയങ്ങൾ, സംരംഭങ്ങൾ എന്നിവയെ അവതരിപ്പിക്കൽ.

4. **നിയമങ്ങളും ചട്ടങ്ങളും**
   മാലിന്യ സംസ്കരണ രംഗത്തെ നിയമ വ്യവസ്ഥകൾ, ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയെ സംബന്ധിച്ച ചർച്ചകളും അവതരണവും.

5. **പൊതുജനപങ്കാളിത്തം**
   സാംസ്കാരിക പരിപാടികൾ, യുവജന ഇന്റേൺഷിപ്പുകൾ, പൊതു അവബോധ ക്യാമ്പയിനുകൾ എന്നിവയിലൂടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു.







## വാർഡ് മുതൽ സംസ്ഥാനതലംവരെ

സംസ്ഥാനതല കോൺക്ലേവിനു മുന്നോടിയായി വാർഡുതലം മുതലുള്ള സംഗമങ്ങൾ നടക്കും. മാർച്ച് 25 നകം വാർഡ് തല സംഗമങ്ങൾ, മാർച്ച് 30 ന് നടക്കുന്ന തദ്ദേശഭരണസ്ഥാപനതല സംഗമം എന്നിവ ഈ പരിപാടിയുടെ ഭാഗമാണ്. തുടർന്ന് ബ്ലോക്ക്, ജില്ലാതല പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനതലത്തിൽ റീൽസ്, ലഘു വീഡിയോ മത്സരങ്ങൾ, മാലിന്യ സംസ്കരണത്തിൽ മികച്ച മാതൃകകൾ സൃഷ്ടിച്ച സ്കൂളുകളുടെ മത്സരങ്ങൾ, ഹാക്കത്തോൺ, ഐഡിയത്തോൺ തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്.

# സംസ്ഥാനതല സംഗമം: പ്രധാന ഇനങ്ങൾ

## കോൺഫറൻസുകൾ, സെമിനാറുകൾ, ചർച്ചകൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ കോൺഫറൻസുകൾ, സെമിനാറുകൾ, ഓപ്പൺ ഫോറങ്ങൾ, ശില്പശാലകൾ.

## ബിസിനസ് ബൂട്ട്ക്യാമ്പുകൾ

മാലിന്യ സാങ്കേതിക വിദ്യയിലും സർക്കുലർ എക്കണോമിയിലും പങ്കാളികളായ നിക്ഷേപകസംഗമവും ചർച്ചകളും.

## എക്സിബിഷനുകൾ

മാലിന്യ സംസ്കരണ മേഖലയിലെ മികച്ച മാതൃകകൾ, സാങ്കേതിക വിദ്യകൾ, വിവര വിനിമയ സംവിധാനങ്ങളായ AR/VR എന്നിവ ഉൾപ്പടെയുള്ള എക്സിബിഷനുകൾ.

## ലൈവ് ഡെമോൺസ്ട്രേഷനുകൾ

ശരിയായ മാലിന്യസംസ്കരണ രീതികൾ പരിചയപ്പെടുത്തുന്നതിനും അവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാനും എക്സ്പീരിയൻസ് ഷോകളും ലൈവ് ഡെമോൺസ്ട്രേഷനുകളും.

## സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കുമുള്ള ശില്പശാലകൾ

മാലിന്യസംസ്കരണ രംഗത്തെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കുമുള്ള ശില്പശാലകൾ, ബിസിനസ് മീറ്റുകൾ, കോഫി ടേബിൾ ചർച്ചകൾ എന്നിവയ്ക്ക് ഈ സംഗമം വേദിയാകും.

## മത്സരങ്ങൾ

മാലിന്യ സംസ്കരണവും ശുചിത്വ ജീവിതശൈലിയുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനുള്ള ഐഡിയത്തോണുകൾ, ഹാക്കത്തോണുകൾ, നവീനാശയങ്ങൾ, മികച്ച മാതൃകകൾ, വേസ്റ്റ് റ്റു ആർട്ട് ഇൻസ്റ്റലേഷനുകൾ എന്നിവയിൽ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഹരിതകർമസേന എന്നിവർക്കുള്ള മത്സരങ്ങൾ.

## പാഴ്വസ്തുക്കളിൽ നിന്ന് കലാരൂപങ്ങൾ

കനകക്കുന്നിലെ മറ്റു വേദികളിലും പുനരുപയോഗത്തിന്റെ സാദ്ധ്യതകൾ പ്രകടിപ്പിക്കുന്നതിൽ വേസ്റ്റ് റ്റു ആർട്ട് ഇൻസ്റ്റലേഷനുകൾ.

## സാംസ്കാരിക പരിപാടികൾ

മാലിന്യ സംസ്കരണമേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന വേസ്റ്റ് റ്റു മ്യൂസിക്, ഭക്ഷ്യമേള എന്നതും ഈ സംഗമത്തിന്റെ ആകർഷണീയതയാണ്.

## ആർക്കൊക്കെ പങ്കെടുക്കാം?

- സന്നദ്ധ പ്രവർത്തകർ
- ഉദ്യോഗസ്ഥർ
- ജനപ്രതിനിധികൾ
- കോളേജ് വിദ്യാർത്ഥികൾ
- കലാകാരൻമാർ
- സാങ്കേതിക വിദഗ്ധർ
- നയരൂപകർത്താക്കൾ
- അക്കാദമിക് വിദഗ്ധർ
- സ്റ്റാർട്ടപ്പുകൾ തുടങ്ങാനുദ്ദേശിക്കുന്നവർ
- നിലവിലുള്ള സംരഭകർ
- ഹരിതസ്ഥാപനങ്ങൾ

## എന്തിന് പങ്കെടുക്കണം?

- മാലിന്യസംസ്കരണ രംഗത്തെ പുതിയ രീതികളും മാറ്റങ്ങളും പരിചയപ്പെടാൻ
- പുതിയ സാങ്കേതികവിദ്യകളും മാലിന്യ പരിഹാരങ്ങളും കണ്ടുമനസ്സിലാക്കാൻ
- ആഗോള വിദഗ്ധർ, നയരൂപകർത്താക്കൾ, ഹരിതസംരംഭകർ എന്നിവരുമായി നെറ്റ്വർക്ക് ചെയ്യാൻ
- മാലിന്യരഹിതവും കാലാവസ്ഥാപ്രതിരോധശേഷിയുള്ളതുമായ ഒരു ഭാവികേരളം എന്ന കാഴ്ചപ്പാടിലേക്ക് സംഭാവന നൽകുവാൻ
- ഈ മേഖലയിലെ സംരംഭകർക്ക് തങ്ങളുടെ സംരംഭങ്ങൾ പരിചയപ്പെടുത്തുവാനും പുതിയ സാധ്യതകൾ അന്വേഷിക്കുവാനും.
- സ്റ്റാർട്ടപ്പ് സംരംഭകർക്ക് സ്റ്റാർട്ടപ്പ് സാധ്യതകൾ മനസിലാക്കുവാൻ
- നവീനാശയങ്ങൾ രൂപപ്പെടുത്താൻ
- വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ
- സാംസ്കാരിക പരിപാടികൾ ആസ്വദിക്കുവാൻ

ഒത്തുചേർന്ന് രചിക്കാം
വൃത്തിയുള്ള കേരളം


**കോൺടാക്ട്**

ഇ മെയിൽ : info@vruthi.in
വെബ്സൈറ്റ് : https://vruthi.in
ഫോൺ : 0471 2316730, 04712319831

4th Floor, Revenue Tower,
Public Office Compound, Thiruvananthapuram,
Kerala, India. Pin: 695 033
Phone: 0471 2312730
sanitationkerala@gmail.com